**കേരള സർക്കാർ**

**സംഗ്രഹം**

**നികുതി വകുപ്പ്- എക്സൈസ് – 2020-21 വർഷത്തെ അബ്കാരി നയം പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**നികുതി (ജി) വകുപ്പ്**

**ജി.ഒ.(എം.എസ്) നം.22/2020/നി.വ തീയതി, തിരുവനന്തപുരം, 27/02/2020**

---

പരാമർശം:- 1. ജി.ഒ(എം.എസ്) 43/2017/നി.വ. തീയതി, 13/06/2017.
2. ജി.ഒ(എം.എസ്) 21/2018/നി.വ. തീയതി, 15/03/2018.
3. ജി.ഒ(എം.എസ്) 14/2019/നി.വ. തീയതി, 06/03/2019.

---

**ഉത്തരവ്**

സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെയും വ്യാജ മദ്യത്തിന്റെയും വിതരണവും വ്യാപനവും പരമാവധി കുറച്ച് ശുദ്ധമായ മദ്യം ലഭ്യമാക്കുന്നതോടൊപ്പം ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ മദ്യത്തിന്റെ ഉപഭോഗം കുറച്ചുകൊണ്ട് വരുന്നതിനും, കൂടാതെ വിനോദ സഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള പദ്ധതികളാണ് മദ്യനയങ്ങളിലൂടെ സർക്കാർ നടപ്പിലാക്കി വരുന്നത്.

2. പരാമർശങ്ങളിലെ ഉത്തരവുകൾ അനുസരിച്ച് പ്രഖ്യാപിച്ച മദ്യനയത്തിൽ ചുവടെ ചേർക്കുന്ന വ്യവസ്ഥകൾകൂടി ഉൾപ്പെടുത്തി 2020-21 - ലെ മദ്യനയം പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

**കള്ള് മേഖല.**

(എ) കള്ള്ഷാപ്പുകൾ, ടോഡി ബോർഡ് നിലവിൽ വരുന്നതുവരെയോ, മൂന്നു വർഷം വരെയോ ഇതിൽ ഏതാണോ ആദ്യം അതുവരെ വില്പന നടത്തുന്നതാണ്. 2019-20 വർഷത്തിലെ ലൈസൻസികൾക്ക് വില്പനയിൽ മുൻഗണന നൽകുന്നതുമാണ്. ആദ്യ വില്പനയിൽ പോകാത്ത ഷോപ്പുകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ 50% റെന്റൽ കുറച്ച് വില്പന നടത്തേണ്ടതും അതിലും വില്പന പോകാത്ത ഷോപ്പുകൾ അതിനടുത്ത പ്രവൃത്തി ദിവസം തന്നെ തൊഴിലാളി കമ്മിറ്റികൾക്ക് നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം 500 രൂപ റെന്റലിന് ഏൽപ്പിക്കേണ്ടതുമാണ്. വില്പന നടത്തുമ്പോൾ ഒരു ഗ്രൂപ്പിന് ഒന്നിൽ കൂടുതൽ